## പതിനാലാം കേരള നിയമസഭ

### പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5911

19.11.2019- ൽ മറുപടിക്ക്

### കൈത്തറിയുടെ വിപണന മേഖല വിപുലീകരിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.കെ.അബ്ദു റബ്ബ്<br>ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ. സി.മമ്മൂട്ടി<br>ശ്രീ. പി.കെ.ബഷീർ | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) കൈത്തറിക്ക് പുതിയ വിപണി കണ്ടെത്താനും പ്രചാരം നൽകാനുമായി പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഇ-കൊമേഴ്സ് കമ്പനികളുമായി സഹകരിച്ച് പ്രവർത്തിക്കാനുള്ള സാധ്യതകൾ ആരാഞ്ഞിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ; | (ബി) ഉണ്ട്. കൈത്തറി വസ്ത്ര ഡയറക്ടറേറ്റിന്റെ പരിധിയിൽ വരുന്ന ഹാന്റക്സ് പ്രമുഖ ഇ-കൊമേഴ്സ് കമ്പനിയായ ആമസോണുമായി ഇ-കോമേഴ്സിൽ ഏർപ്പെട്ടിട്ടുണ്ട്. |
| (സി) എൻ.ജി.ഒ.കൾ, സർക്കാർ സംവിധാനങ്ങൾ, വനിതാ കൂട്ടായ്മകൾ എന്നിവ ഉൾപ്പെടുത്തി വിപണന മേഖല വിപുലീകരിക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ ? | (സി) ഇതു സംബന്ധിച്ച് പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് ഉചിതമായ തീരുമാനമെടുക്കുന്നതാണ്. സർക്കാർ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി കൈത്തറി സ്കൂൾ യൂണിഫോം വിദ്യാർത്ഥികൾക്ക് നല്കുക വഴി വലിയൊരു വിപണിയാണ് സൃഷ്ടിച്ചിട്ടുള്ളത്. കൂടാതെ ഹാന്റക്സ് വഴി നടപ്പിലാക്കി വരുന്ന കൈത്തറി സുരക്ഷാ പദ്ധതിയിൽ ആധുനിക ഡിസൈനുകളിൽ തുണി നെയ്ത് മാർക്കറ്റ് ചെയ്യുന്നതിനും സർക്കാർ, അർദ്ധസർക്കാർ ജീവനക്കാർക്ക് ഇ-ക്രെഡിറ്റ് കാർഡ് ഉപയോഗിച്ച് ക്രെഡിറ്റ് വില്പന നടത്തുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ